പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.4873

27.10.2016 -ൽ

മറുപടിയ്ക്ക്

**<u>പ്രൊഫസർ പദവിക്ക് യു.ജി.സി നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ടി.ബൽറാം | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കോളേജുകളിലെയും സർവ്വകലാശാലകളിലെയും അദ്ധ്യാപകർക്ക് പ്രൊഫസർ പദവി ലഭിക്കുന്നതിന് യു.ജി.സി നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) യു.ജി.സി റെഗുലേഷൻ പ്രകാരം നേരിട്ടും, ഉദ്യോഗക്കയറ്റം വഴിയും പ്രൊഫസർ പദവി നേടാം. പ്രൊഫസർ പദവിക്ക് പി.എച്ച്.ഡി നിർബന്ധമാണ്. കൂടാതെ ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്കുകൂടി വിധേയമായിട്ടാണ് പ്രൊഫസർ പദവി നൽകുന്നത്.<br>1) അസോസിയേറ്റ് പ്രൊഫസർ പദവിയിൽ മൂന്ന് വർഷത്തെ പ്രവൃത്തി പൂർത്തിയാക്കിയിരിക്കണം.<br>2) യു.ജി.സി. നിശ്ചയിച്ചിട്ടുള്ള അക്കാഡമിക് പെർഫോർമൻസ് ഇൻഡിക്കേറ്റർ എന്ന സ്കോർ നിബന്ധനയിൽ മിനിമം സ്കോർ നേടിയിരിക്കണം.<br>3) അസോസിയേറ്റ് പ്രൊഫസർ ആയതിനുശേഷം കുറഞ്ഞത് അഞ്ച് പ്രസിദ്ധീകരണമെങ്കിലും ചെയ്തിരിക്കണം.<br>4) ഒരു സെലക്ഷൻ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള നിയമനപ്രക്രിയയിലൂടെ വേണം പ്രൊഫസർഷിപ്പ് പദവി നൽകേണ്ടത്. |
| (ബി) സംസ്ഥാനത്ത് എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് പ്രൊഫസർ പദവി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) എയ്ഡഡ് കോളേജ് അദ്ധ്യാപകർക്ക് പ്രൊഫസർ പദവി നൽകുന്നില്ല. |
| (സി) ഈ മാനദണ്ഡം ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ